**സഹകരണസംഘം രജിസ്ട്രാർ**
**ആഫീസ്, കേരള, തിരുവനന്തപുരം**

നം: സ്..ബി.(1) 20805/2007 തീയതി : 03.05.2007

**സർക്കുലർ നം: 30/2007**

വിഷയം :- സഹകരണ വകുപ്പ് - സഹകരണ വായ്പാ സംഘങ്ങൾ/ബാങ്കുകൾ - വായ്പാ തുകയിൽ അധികരിച്ച് പലിശ ഈടാക്കുന്നത് സംബന്ധിച്ച് - വ്യവസ്ഥകൾ പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിയ്ക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. സഹകരണസംഘം രജിസ്ട്രാറുടെ 30.11.2006-ലെ 55/2006-ാം നമ്പർ സർക്കുലർ.

2. 2.5.2007 ൽ ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ കേന്ദ്ര സഹകരണ ബാങ്കുകളുടെ സമ്മേളന തീരുമാനങ്ങൾ.

സംസ്ഥാനത്തിലെ, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, അർബൻ സഹകരണ ബാങ്കുകളുൾപ്പെടെയുള്ള മറ്റ് കാർഷികേതര വായ്പാ സംഘങ്ങൾ/ ബാങ്കുകൾ, കുടിശ്ശികയായ വായ്പകളിൻമേൽ പലിശയിനത്തിലും, പിഴപ്പലിശയിനത്തിലും മുതലിനെക്കാൾ അധികരിച്ച് പലിശ ഈടാക്കുന്നത് സംബന്ധിച്ച് സൂചന(1) സർക്കുലർ പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. ഈ നിർദ്ദേശങ്ങൾക്ക് സ്വാഗതാർഹങ്ങളായ പ്രതികരണങ്ങളാണ് സംഘങ്ങളുടെയും / ബാങ്കുകളുടെയും അംഗങ്ങളുടെയും ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതെന്നും, ബാങ്കുകളുടെ / സംഘങ്ങളുടെ കുടിശ്ശിക കുറയ്ക്കുന്നതിന് ടി നിർദ്ദേശം സഹായകരമായിട്ടുണ്ടെന്നും, എന്നാൽ ടി സർക്കുലറിലെ വായ്പാ പരിധിയും കാലപരിധിയും ഒഴിവാക്കണമെന്നും 2.5.2007 ൽ ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ കേന്ദ്ര സഹകരണ ബാങ്കുകളുടെ സമ്മേളനത്തിൽ ബാങ്ക് പ്രതിനിധികളിൽ നിന്നും ആവശ്യമുയരുകയും ആയതിന്റെ അടിസ്ഥാനത്തിൽ തീരുമാനം കൈക്കൊള്ളുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സൂചന (1) സർക്കുലറിൽ ഭേദഗതികൾ വരുത്തി ചുവടെ പരാമർശിക്കുന്ന പുതുക്കിയ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. തിരിച്ചടവ് കാലാവധി കഴിഞ്ഞ് അവധി ബാക്കിയാവുകയും, എന്നാൽ പലിശ കണക്കാക്കുമ്പോൾ ഈടാക്കിയ പലിശയും, പിഴപ്പലിശയും, ഈടാക്കേണ്ട പലിശയും ഉൾപ്പെടെ മുതലും പലിശയുമായി എടുത്ത വായ്പാ തുകയുടെ ഇരട്ടിയോ അതിൽക്കൂടുതലോ ആയി വർദ്ധിക്കുകയും ചെയ്തിട്ടുള്ള എല്ലാ വായ്പകളിലും ടി വായ്പ എടുത്ത കാലത്ത് നിലനിന്നിരുന്നതോ എഗ്രിമെന്റ് പ്രകാരമുള്ളതോ ആയ പലിശ നിരക്ക് എത്രയായാലും, ടി വായ്പതുകയ്ക്ക് സമാനമായ നിക്ഷേപതുകയ്ക്ക് കാലാ കാലങ്ങളിൽ നിലനിന്നിരുന്ന പരമാവധി നൽകാവുന്ന പലിശനിരക്കിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുന്ന പലിശ തുകയുടെ 10% ഭരണചിലവ് കൂടി ചേർത്ത നിരക്കോ ഏതാണോ കുറവ് ആ നിരക്കിൽ ടി വായ്പകൾക്ക് അതാതു കാലത്തെ പലിശ കണക്കാക്കേണ്ടതാണ്. കുടിശ്ശിക കണക്ക് തീർക്കുന്നവർക്കും കുടിശിഖ വായ്പ കണക്ക് അവസാനിപ്പിക്കുന്നവർക്കും മാത്രമാണ് ഈ ആനുകൂല്യത്തിന് അർഹത.

2. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണബാങ്കുകൾ, സംസ്ഥാന/ ജില്ലാ സഹകരണ ബാങ്കുകൾ എന്നിവർ മുഖേന നൽകിയിട്ടുള്ള എല്ലാ വായ്പകൾക്കും ക്യാഷ് ക്രെഡിറ്റ് ഓവർ ഡ്രാഫ്റ്റുകൾക്കും (വായ്പാ തുകയുടെ പരിധിയോ പരമാവധി കാലാവധിയോ ബാധകമല്ല) ഈ പദ്ധതി ബാധകമായിരിക്കുന്നതാണ്.

3. മുകളിൽ 1-ാം ഖണ്ഡികയിൽ പറഞ്ഞതു പ്രകാരം പലിശ ഈടാക്കിയ ശേഷം പിന്നീട് യാതൊരു കാരണവശാലും പലിശയോ, പിഴപ്പലിശയോ മറ്റ് കൂട്ടുപലിശയോ ഈടാക്കാൻ പാടില്ല.

4. വായ്പ തുക യഥാസമയം ഈടാക്കുന്ന കാര്യത്തിൽ നിയമാനുസൃത നടപടികൾ സംഘം ജീവനക്കാരും ഭരണസമിതിയും കൈക്കൊള്ളേണ്ടതാണ്. തവണകൾ കുടിശ്ശിക/നിഷ്ക്രിയ ആസ്തിയായാൽ യഥാസമയം വായ്പക്കാരനെ/ജാമ്യക്കാരനെ നേരിട്ട് കണ്ടും നോട്ടീസ് അയച്ചും, വായ്പക്കാരുടെ യോഗങ്ങൾ വിളിച്ചുകൂട്ടിയും വായ്പ തുക അടപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ജപ്തി നടപടികൾ പരമാവധി ഒഴിവാക്കേണ്ടതാണ്. ഓരോ മാസവും ഭരണ സമിതി യോഗം, കുടിശ്ശിക സംബന്ധിച്ച് ചീഫ് എക്സിക്യൂട്ടീവ് സമർപ്പിക്കുന്ന അവലോകന റിപ്പോർട്ട് ചർച്ച ചെയ്ത് നിലവാരം വിലയിരുത്തേണ്ടതും, തവണ തുകകളും കുടിശ്ശികയും യഥാസമയം ഈടാക്കുന്നതിന് സംഘം ജീവനക്കാർ നടപടികൾ കൈക്കൊള്ളുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.

5. വായ്പക്കാരൻ വായ്പ തിരിച്ചടയ്ക്കുന്നത് സംബന്ധിച്ച് തർക്കം / കേസുകൾ ഫയൽ ചെയ്യുകയാണെങ്കിൽ അതിൻമേൽ തീരുമാനം വരുന്ന തീയതി വരെയെടുള്ള പലിശ കൂടി കണക്കാക്കുമ്പോൾ ഒന്നാമത് നിബന്ധനയിൽ പറയുന്നതിനേക്കാൾ അധികമായി വരുന്ന പലിശ തുക വായ്പക്കാരൻ അടയ്ക്കേണ്ടതാണ്.

6. പലിശ മുതലിനൊപ്പം എത്തുകയും നാളിതുവരെ ഈടാക്കുന്നതിന് സാങ്കേതികമായി ബുദ്ധിമുട്ട് വന്നുപോയിട്ടുള്ള കേസുകളിൽ രജിസ്ട്രാറുടെ പ്രത്യേക അനുമതിയോടു കൂടി നടപടി സ്വീകരിയ്ക്കാവുന്നതാണ്.

7. വായ്പ തവണകൾ, വീഴ്ച വരുത്താതെ കൃത്യമായി അടയ്ക്കുന്നവർക്ക് വായ്പാ കണക്ക് അവസാനിപ്പിക്കുമ്പോൾ, ആകെ അടയ്ക്കേണ്ടുന്ന പലിശയുടെ 5% റിബേറ്റ് നൽകി, വായ്പാ കണക്ക് അവസാനിപ്പിയ്ക്കാവുന്നതാണ്.

8. സഹകരണസംഘം രജിസ്ട്രാർ നിർദ്ദേശിച്ചിട്ടുള്ള പലിശനിരക്കിൽ നിന്ന് വ്യത്യസ്തമായി പലിശ, വായ്പകൾക്ക് ഈടാക്കിയിട്ടുണ്ടെങ്കിൽ, അപ്രകാരം അധികം ഈടാക്കിയ തുക കണക്കാക്കി തിരികെ നൽകുകയോ, നിലവിൽ വായ്പകളുണ്ടെങ്കിൽ ആയതിൽ വരവ് വയ്ക്കേണ്ടതുമാണ്.

9. വായ്പക്കാർ/ജാമ്യക്കാർ എന്നിവർക്ക് റിക്കവറിയെ സംബന്ധിച്ചോ/ജപ്തി തുടങ്ങിയവയെ സംബന്ധിച്ചോ സംഘം നോട്ടീസ് നൽകുമ്പോൾ, യഥാർത്ഥത്തിൽ ചിലവായ തുക മാത്രമേ വായ്പക്കാരിൽ നിന്നും ഈ ഇനത്തിൽ ഈടാക്കാൻ പാടുള്ളൂ.

10. സംഘങ്ങളുടെ കുടിശ്ശിക കുറയ്ക്കുന്നതിന് വേണ്ടി, നിരന്തരം പുതിയ ജനകീയ പദ്ധതികൾ ആവിഷ്ക്കരിച്ച് കുടിശ്ശിക കുറയ്ക്കുന്നതോടൊപ്പം നിക്ഷേപശേഖരണവും ഊർജ്ജിതപ്പെടുത്തണം. ചെലവ് കുറഞ്ഞ നിക്ഷേപങ്ങൾ പരമാവധി ശേഖരിച്ച് സംഘം പ്രവർത്തനം ശക്തിപ്പെടുത്തണം. ഭരണ സമിതി ജീവനക്കാർക്ക് ഇക്കാര്യത്തിൽ ചുമതലകൾ നിർണ്ണയിച്ച് നൽകേണ്ടതും, ഭരണസമിതി ഇക്കാര്യം, യഥാസമയം അവലോകനം നടത്തുകയും, വിലയിരുത്തുകയും ചെയ്യേണ്ടതാണ്.

11. ആഡിറ്റർമാർ വായ്പാ സംഘങ്ങളുടെ കണക്കുകൾ പരിശോധിയ്ക്കുമ്പോൾ എല്ലാവിധ വായ്പാ ഇടപാടുകളിലും സഹകരണസംഘം രജിസ്ട്രാറുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി മാത്രമേ പലിശ ഈടാക്കുകയും ആനുകൂല്യങ്ങൾ നൽകുകയും ചെയ്തിട്ടുള്ളൂ എന്ന് ഉറപ്പ് വരുത്തി ആഡിറ്റ് റിപ്പോർട്ടിൽ ഇതു സംബന്ധിച്ച സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. ആഡിറ്റ് സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യുന്ന മേലുദ്യോഗസ്ഥന്മാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

12. ഈ സർക്കുലർ നിർദ്ദേശങ്ങൾക്ക് 1.5.2007 മുതൽ 31.1.2008 വരെ മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

13. 1.12.2006-ന് ശേഷം 55/2006 സർക്കുലറിലെ വ്യവസ്ഥകൾക്കനുസൃതമായി അടച്ചു തീർത്തിട്ടുള്ള വായ്പകൾ യാതൊരു കാരണവശാലും പുനഃപരിശോധിക്കുന്നതല്ല. ഈ സർക്കുലർ തീയതി മുതൽ 55/2006-ാം നമ്പർ സർക്കുലറിന് പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല.

14. ബന്ധപ്പെട്ട സഹകരണ സംഘങ്ങൾ/ബാങ്കുകൾ ആനുകൂല്യം നൽകിയതുസംബന്ധിച്ച് ഈ സർക്കുലറിനൊടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന നിശ്ചിത പ്രൊഫോർമയിലെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ ത്രൈമാസിക പുരോഗതി റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്ന പ്രൊഫോർമയിൽ ഈ ആഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

ഒപ്പ്/-

വി.രഘുനാഥ്,

സഹകരണസംഘം രജിസ്ട്രാർ(ഇൻ ചാർജ്ജ്)

പകർപ്പ്:-

1. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, പാളയം തിരുവനന്തപുരം
2. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം.
3. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
4. എല്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും
5. എല്ലാ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും
6. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം)
7. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ.
8. ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ് (ഉപരിപത്രം സഹിതം)
9. സർക്കുലർ ബുക്ക്
10. എല്ലാ സഹകരണ പ്രസിദ്ധീകരണങ്ങൾക്കും
11. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
12. എഡിറ്റർ, സഹകരണ വീഥി
13. ഇരിപ്പ് ഫയൽ/സ്പെയർ

// ആജ്ഞാനുസരണം //

സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി

## അനുബന്ധം-1

# സംഘം / ബാങ്ക് സൂക്ഷിക്കേണ്ട രജിസ്റ്ററിന്റെ മാതൃക

| | | | വായ്പയുടെ വിവരം | | | | ഈടാക്കിയതും ഈടാക്കേണ്ടതുമായ പലിശ | | | | 30/07 സർക്കുലർ പ്രകാരം ഈടാക്കിയത് | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമനമ്പർ | കുടിശിക അവസാനിപ്പിച്ച തീയതി | അംഗനമ്പരും പേരും | വായ്പ നമ്പർ | വായ്പ വിതരണം ചെയ്ത തീയതി | വായ്പ തുക | പലിശ നിരക്ക് | ഈടാക്കിയ പലിശയും പിഴ പലിശയും | ഈടാക്കിയ മുതൽ | ഈടാക്കേണ്ട പലിശയും പിഴ പലിശയും | ആകെ | മുതൽ | പലിശ | ആകെ | പലിശ നിരക്ക് | 8-ാം കോളത്തിൽ അധികം ഒടുക്കിയ പലിശ മുതലിൽ അഡ്ജസ്റ്റ് ചെയ്തത് | നൽകിയ ആനുകൂല്യം 10-13+16 | റിമാർക്സ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 |
| | | | | | | | | | | | | | | | | | |

## അനുബന്ധം-11

# ജോയിന്റ് രജിസ്ട്രാർമാരിൽ നിന്നും രജിസ്ട്രാർക്ക് ലഭിക്കേണ്ട പുരോഗതി റിപ്പോർട്ടിന്റെ മാതൃക ജില്ല..........................

| | | | | ഇടാക്കാൻ കഴിഞ്ഞ കുടിശ്ശിക | | | | | |
|---|---|---|---|---|---|---|---|---|---|
| ക്രമനമ്പർ | താലൂക്കിന്റെ പേര് | ആനുകൂല്യം നൽകിയ സംഘങ്ങളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | മുതൽ | പലിശ | മറ്റിനം | ആകെ | നൽകിയ ആനുകൂല്യം | റിമാർക്സ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| | | | | | | | | | |
| | ആകെ | | | | | | | | |